


ജി എച്ച് എസ് എസ് ചെറിയമുണ്ടം



അനുദിനം വളർച്ചയിലേക്ക് മുന്നേറി കൊണ്ടിരിക്കുന്ന ചെറിയമുണ്ടം ഗവ:ഹയർ സെക്കണ്ടറി സ്കൂളിന് ഒരു പൊൻ തുവൽ കൂടി.പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളും ഹൈടെക് ആക്കുന്നു.നമ്മുടെ വിദ്യാലയത്തിലും ഹൈടെകിന്റെ ഭാഗമായി 9ാം ക്ലാസ് വിദ്യാർത്ഥികൾ ഒരുക്കിയ ലിറ്റിൽകൈറ്റ്സിൽ യൂണിറ്റിന്റെ മാഗസിൻ പുറത്തിറങ്ങുകയാണ്.കമ്പ്യൂട്ടർ യുഗത്തിൽ വിദ്യാലയ മികവുകൾ നേരിട്ടറിയാനും വിദ്യാർത്ഥികളുടെകഴിവുകൾ മനസ്സിലാക്കാനും ഇത് വളരെ പ്രയോജനപ്പെടും.

മികവിന്റെ പാതയിൽ ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ് അംഗങ്ങൾ ലീന ടീച്ചർ,മീന ടീച്ചർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.

ഹെഡ്മാസ്റ്റർ,

ഹരികുമാർ .സി

ജി എച്ച് എസ് എസ് ചെറിയമുണ്ടം



മനുഷ്യരാശി ഇന്നോളം നേടിയ നേട്ടങ്ങളെയൊക്കെ അമ്പരപ്പിക്കും വിധം അനുനിമിഷം നമ്മുടെ വിജ്ഞാന മേഖല വികസിച്ച് കൊണ്ടിരിക്കുകയാണ്.ഇന്റെർനെറ്റ് കേന്ദ്രീകൃതമായ സാങ്കേതികവിദ്യ ഈ വളർച്ചയ്ക്ക് ആക്കം കൂടുന്നു.ജീവിതത്തിന്റെ സമസ്ത മേഖലകളേയും സാങ്കേതിക വിദ്യ അഴിച്ച് പണിയുന്നു.

സകല വിവരങ്ങളും വിരൽ തുമ്പിൽ ലഭ്യമാകുന്ന ഒരു കാലത്ത് സാങ്കേതിക ജ്ഞാനം ഒരു വിദ്യാർത്ഥിയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക്അനിവാര്യമാണ്.

അത്തരം ഒരു യജ്ഞത്തിന് കൈത്താങ്ങായി മാറുന്ന 'ലിറ്റിൽ കൈറ്റ്സ്'-ന്റെ ഇ-മാഗസിന്

ആശംസകളോടെ...

രാജി.സി.ഒ

പ്രിൻസിപ്പാൾ

ജി എച്ച് എസ് എസ് ചെറിയമുണ്ടം

## ആശംസ



ചെറിയമുണ്ടം ഹൈസ്കൂളിൽ മികവിന് മറ്റൊരു അംഗീകാരം കൂടി.

പൊതു വിദ്യാലയങ്ങൾ ഹൈടെക് ആകുന്നത്തിന്റെ ഭാഗമായി ചെറിയമുണ്ടം ഹൈസ്കൂളും ഒരുങ്ങിക്കഴിഞ്ഞു. അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതികവിദ്യ കൂടുതലായി മനസ്സിലാക്കാനും പഠന കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ സാങ്കേതികവിദ്യാധിഷ്ഠിത പഠനം ഉറപ്പു വരുത്തുന്നതിനുമായി ആരംഭിച്ച"ലിറ്റിൽ കൈറ്റ്സ്" പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവകങ്ങളും നേരുന്നു.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഈ പ്രവർത്തനങ്ങൾക്ക് നേത്യത്വം കൊടുക്കുന്ന ലീന ടീച്ചർക്കും,മീന ടീച്ചർക്കും പ്രത്യേകം അനുമോദനങ്ങൾ.

ഐസക് എം വർഗീസ്
ഹൈസ്കൂൾ ടീച്ചർ
ജി എച്ച് എസ് ചെറിയമുണ്ടം



# ഭാവി കേരളം

നമ്മുടെ ഭാവി തലമുറയുടെ ഈ പുതു നവകേരളം

നമ്മുക്ക് പ്രളയത്തെ അതിജീവിച്ച് നമ്മുടെ പുതിയ കേരളമായി മാറിക്കൊണ്ടിരിക്കുന്നു. ഇനിയൊരു പ്രളയം വരാൻ നമ്മൾ അനുവദിക്കരുത്. അതുകൊണ്ട്

നമ്മുക്ക്കുന്നുകളും മലകളും ഇടിക്കാതിരിക്കുക. മരങ്ങളും വെട്ടാതിരിക്കുക ഈ പ്രവർത്തനങ്ങൾ ഇനി നമുക്ക് വേണ്ട പുതുപലമുറയുടെ നവകേരളം നമുക്ക് പുതിക്കി പണിയാം. ഇന്ന് നവകേരളം രൂപം കൊണ്ട് 63-◌ാം വർഷമായി. കുന്നിൻ പ്രദേശത്ത് വീട് നിർമ്മിക്കരുത്. പിതു കേരളത്തെ വയലുകൾ, ക്യഷിയിടങ്ങൾ എന്നിവ നികത്തി ഫാക്ടറികൾ പണിയരുത്. ഇങ്ങനെ ഫാക്ടറി ഉണ്ടാക്കിയാൽ നമ്മുടെ കർഷകർക്ക് ക്യഷി ചെയ്ത് ജീവിക്കാൻ കഴിയില്ല. ഇനി നമുക്ക് പുതിയ കേരളം നിർമിക്കാം. ഇനി നമ്മുടെ സഞ്ചാര പാതയെ പുതുതായി നിർമ്മിക്കും .എന്റെ ഭാവനയിലെ തലമുറയെയാണ് ഞാൻ ഇവിടെ ഒരു ചെറു കുറിപ്പായി വിവറിച്ചിറിക്കുന്നത് നമ്മുടെ ഈ നവ കേരളം പുതുതായി പുനം സ്യഷ്ടിച്ച് ജാതി,മത ചിന്തകൾകതീതമായി പ്രവർത്തിച്ച് നമുക് പുതു നവ കേരളം സ്യഷ്ടിക്കാം................

കിഷോർ 7.A

6

കവിത

# നവ ദർ ശനം



ഓർമ്മതൻ കായലിൽ-
ഓളങ്ങൾ ഹിമ വെട്ടുമ്പോൾ-
തെളിയുന്നു എൻ കുരുന്നു മനസ്സിൽ-
മലയാള നാടിൻ മഹിമ......

മഞ്ഞു വീണു കുതിർന്ന വെള്ളി-
ക്കൊലുസ്സിൽ ഇളം വെയിൽ പുൽകും-
പോലെ ചിരിതൂകി മാഞ്ഞിടുന്നെൻ-
മലയാള മണ്ണ്

മലയാള മാണെന്റെ ഭാഷ....
കുഞ്ഞു നാവിൽ നുണയും അമൃതമാം-
മലയാളം
മലയാളമാണെന്റെ നാട്....
തുടി കൊട്ടി ഉണരും നന്മതൻ-
കലാലയമാണെൻ പ്രിയ നാട്
മലയും മേടും പുഞ്ചിരി തൂകി
ഇന്നെൻ മലയാള മൊഴി തൂകിടന്നു....
ഹൃദ്യമാം മലയാളത്തുമൊഴി
കേരളമണ്ണിനെ പുളകിതമാക്കുന്നു

Vismaya.M
10. B



## -സ്കൂളിൽ ലിറ്റിൽ കൈറ്റിന്റെ അനിവാര്യത

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുന്നതിനുമപ്പുറം ഓരോരുത്തരും സ്വയം ആർജിക്കേണ്ടതാണ്. ഇതിനായി കേരളത്തിലെ ഓരോവിദ്യാർഥികൾക്കും വേണ്ടിയും. ഗവൺമെന്റ് ഓരോ വിദ്യാർഥികളുടെ കഴിവിനേയും തെളിയിപ്പിക്കുകയാണ് ഈ സാങ്കേതിക വിദ്യമുഖേന. മാത്രമല്ല കേരളത്തിലെ പുതിയ തലമുറയിൽവലിയ ഒരു വിഭാഗം വിവര വിനിമയ സംവേദന ഉപകരണങ്ങളെ കൈകാര്യം ചെയ്യാനറിയുന്നവരെ, ഈ രംഗത്ത് താൽപര്യവും അഭിരുചിയുള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു . പുറമെ കുട്ടികളിൽ ഹൈടെക് രൂപീകരണവും വിദ്യാലയാടിസ്ഥാനത്തിൽ നടത്തപ്പെടുന്നദൈനംദിന പഠനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സാങ്കേതികസൗകര്യങ്ങളുടെ
പ്രയോഗത്തിലും വിദ്യാർഥികളെക്കൂടി സമുചിതമായി പങ്കാളിയാക്കുന്നു.
വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താൽപര്യത്തെ പരിപോഷിപ്പിക്കുന്നു. സാങ്കേതികവിദ്യയും സോഫ്റ്റ് വയറുകളും ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും അവരിൽ സൃഷ്ടിച്ചെടുക്കുക എന്നതും സോഷ്യൽമീഡിയ കമ്പ്യൂട്ടറിലെ എല്ലാ വിധ സോഫ്റ്റ് വയറുകലും അവയുടെ ഉഫയോഗവും ,ഗുണവും,അപകടവും കൈകാര്യം ചെയ്യുന്ന രീതിയും ലിറ്റിൽ കൈറ്റ് എന്ന വിധത്തിൽ വിദ്യാർഥികളിലേക്ക് തുറക്കുന്നു . വിദ്യാലയത്തിലെ സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗവും
നടത്തിപ്പും പരിപാലനവും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർഥികളെ പങ്കാളികളാക്കുന്നു . കൂടാതെ വിദ്യാലയത്തിലെ സാങ്കേതിക വിദ്യാധിഷ്ഠിത പഠന പ്രവർത്തനങ്ങളുടെ മികവ് കൂട്ടുന്നു .ഒപ്പം ഉപകരണങ്ങൾക്ക് ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാർഥികളെ പഠിപ്പിക്കുന്നു .
ഗവൺ മെന്റ് പുതിയ ഒരു ഹൈടെക് തലമുറ വാർത്തെടുക്കുന്നതിനായ് വിദ്യാർഥികളിൽ സാങ്കേതിക വിദ്യവിരിയിപ്പിക്കുന്നു എന്നു ചുരുക്കം.
"ഇനി വിദ്യാലയങ്ങളെല്ലാം ഹൈടെക്കാകുന്നു .ഇതിന്റെ ഭാഗമായി വിദ്യാർഥികളും ഹൈടെക്കാകുന്നു
ഹൈടെക് വിദ്യാലയങ്ങൾ ഭരിക്കാൻ ഹൈടെക് വിദ്യാർഥികൾ "

**ഹിസാന തെസ്നീം - ട്ടീ''**

# വൃക്കയെ  അറിയാൻ



മനുഷ്യനിൽ  ഒരു ജോഡി വൃക്കകളാണുള്ളത്.അവ  ഉദരാശയത്തിൽ മാറെല്ലിന്
പിറകിൽ 2 മാംസപേശിളാണുള്ളത് അവയോട് ചേർന്ന് നട്ടെല്ലിന്റെ ഇരുവശത്തുമായിട്ടാണ്  വൃക്കകൾ കാണപ്പെടുന്നു.ഇവ പയറുമണിയുടെ ആകൃതിയിലുള്ളതിനാൽ  11 സെന്റീമീറ്റർ  നീളവും 5 സെന്റീമീറ്റർവീതിയും 3 സെന്റീമീറ്റർ  കനവുമാണ്  ഉള്ളത്.ഓരോ വൃക്കയും ഉറപ്പും  മാർദവവും ഉള്ളതാണ്
വൃക്കയെ ബാധിക്കുന്ന  രോഗങ്ങൾ  നിരവധിയാണ് .അതിൽ  ചിലത് .
വൃക്കയിലെ കല്ല്:- അടിവയറ്റിന് വേദന, മൂത്രതടസ്സം, തലകറക്കം, ഛർദി
നഫ്രൈറ്റിസ്:-കലങ്ങിയതും കടുംനിറത്തോട് കീടിയതുമായ മൂത്രം, പുറം വേദന,പനി, മുഖത്തും കണങ്കാലിനും വീക്കം.
യറീമിയ:-വിളർച്ച,ശരീരഭാരം കുറയുക,തലകറക്കം,ശ്വാസതടസ്സം, വയറിളക്കം
പരിഹാരം:- ഹീമോഡയാലിസിസ്, വൃക്ക മാറ്റിവയ്ക്കൽ എന്നിവയാണ്.
ആദ്യത്തെ കൃത്രിമ  വൃക്ക രൂപകൽപ്പന ചെയ്തത് "വില്യം  ജൊഹാൻ കോൾഫ്"

അസ്ന.കെ  .9A



## ലേഖനം:-ലഹരിക്കെതിരെ....

ഇന്ന് മനുഷ്യരെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ
ദുരന്തമാണ് ലഹരിയോട്ടുള്ള
അടുപ്പം. ഇതുമൂലം ധാരാളം കുടുംബങ്ങൾ അനാധരാവുന്നു.
വിദ്യാർഥികളും ഇതിൽ
അടിമയാകുന്നു. ഇന്ന് നാട്ടിൽ നടക്കുന്ന  അക്രമ പ്രവർത്തനങ്ങൾക്കും
കാരണം
മദ്യവും മയക്കു മരുന്നുകളുമാണ്. ലഹരിയുടെ അടിമയായവർക്ക് ഇത്
ലഭിക്കാതെ വരുമ്പോൾ ഭ്രാന്ത് പിടിച്ചത് പോലെയാകുന്നു. ലഹരി മയക്കു
മരുന്ന് എന്നിവയുടെ
ഉപയോഗത്തിന്കാശുണ്ടാക്കാൻ പല മോശമായ മോഷണം,കൊല, പിടിച്ച്
പറി
എന്നീ പ്രവർത്തനങ്ങളിൽ അവർ ഏർപ്പെടുന്നു. പല രോഗങ്ങളുടെയും
അടിമയാകുന്നു.
മയക്കു മരുന്നുകളുടെ ഉപയോഗം ഹൃദയത്തെ നാശത്തിലാക്കുന്നു. ഇവർ
ഇതിനെതിരെ
പ്രവർത്തിക്കുന്നവരുടെ ജീവൻ തന്നെ ഇല്ലാതാകുന്ന അവസ്ഥയാണ്
ഇപ്പോൾ ഈ
ഭൂമിയിലുള്ള അധികം മനുഷ്യരും മയക്കു മരുന്നിന്
അടിമയായിരിക്കുന്നു .ഈ പ്രവർത്തനം
പല പകർച്ചവ്യാദി രോഗങ്ങളെപ്പോലെ മനുഷ്യ
ജനതയെഇല്ലാതാക്കുന്നു.

വിദ്യാർഥികളെ ഇതിൽ നിന്നും സംരക്ഷിക്കുക.

എല്ലാവിദ്യാർഥികളെ കൊണ്ടും മയക്കുമരുന്ന് ഉപയോഗിക്കില്ലാ എന്ന്
ശക്തമായി പ്രതിജ്ഞ ചെയ്യിപ്പിക്കുക.മയക്കുമരുന്ന് മറ്റു ലഹരികൾ
എന്നിവയിൽ നിന്നും പിടികൂടുന്നവർക്ക് നിയമപരമായ ശിക്ഷ നൽകുക.

നല്ല നാളിന്ന് വേണ്ടി
ഇങ്ങനെ ചെയ്തേ മതിയാകൂ....

ഹിബ .എൻ 9A

10 **ലേഖനം**



## നമുക്ക് അതിജീവിക്കാം



നന്മകൾ പൂക്കുന്ന നമ്മുടെ കേരളം മാതൃഭാശയുടെ ഉറവിടമാണ്. ഇപ്പോൾ നമ്മൾ 62-ാം കേരള പിറവി ആഘോഷിക്കുകയാണ്. ഇന്ന് നവംബർ 1 നമ്മുടെ അഭിമാന ദിവസം .

കുറച്ചു നാളുകൾക്ക് മുന്നേ നമ്മേ ദു:ഖിതമായ ദിവസങ്ങളായിരുന്നു . വെള്ളപ്പൊ-ക്കം നമ്മുടെ കേരളംത്തെ ഒട്ടാകെ വന്ന് വിഴുങ്ങി . ഇനി നമ്മൾ ഓരോരുത്തരുമാണ് തകർന്നു പോയ നമ്മുടെ സ്വന്തം നാടിനെ പുനർ നിർമ്മിക്കേണ്ടത്. ആ കഴിഞ്ഞ് പോയ ദിവസങ്ങൾ തികച്ചും യാദൃശികമാണ് . ഓരോരോ സ്ഥലങ്ങളിൽ ഉരുൾപ്പൊട്ടൽ, കൊടുംക്കാറ്റ്, എന്നീ ദുരന്തങ്ങൾ കേൾക്കുമ്പോൾ ടി.വി കാണുന്ന ഓരോ ജനമനസ്സുകളും നീറുകയാണ്. പ്രളയം കൊടും പ്രളയം .
ഇതുവരെയില്ലാത്ത പ്രളയമാണ്
ഈ വർഷം കേരളം നേരിടേണ്ടിവന്നത്. ഇടുക്കി ഡാമിലെ ഷട്ടർ ഓരോന്നോരോന്നായ് തുറന്നു വിടുംമ്പോൾ കേരളം നശിക്കുമ്പോൾ
വിങ്ങിപ്പൊട്ടുന്ന
മലയാളികൾ.
അങ്ങനെ പ്രളയം അവസാനിച്ചു ............

**സ്നേഹ. പി 9B**



## ആശംസകളോടെ.....

# സംസ്ഥാനത്തിലെ മുഴുവൻ വിദ്യാലയങ്ങളും ഹൈടെക് ആകുന്നതിന്റെ ഭാഗമായി രൂപീകരിച്ച 'ലിറ്റിൽ കൈറ്റ്സ് ' പദ്ധതിയെ കൂട്ടുകാർ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനും ഇതിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന എല്ലാ കുട്ടികൾക്കും അദ്ധ്യാപകർക്കും ആശംസകൾ നേരുന്നു

ബിജി .എൻ
എസ് ആർ .ജി. കൺവീനർ
ജി എച്ച് എസ് എസ് ചെറിയമുണ്ടം




# നന്ദി

ജി എച്ച് എസ് എസ് ചെറിയമുണ്ടം